**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6244** **10-11-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ അലൈൻമെന്റ് സംബന്ധിച്ച് ഭൂവുടമകൾ ശക്തമായ എതിർപ്പ് ഉയർത്തിയ സാഹചര്യത്തിൽ നിലവിലെ അലൈൻമെന്റ് പുനർ നിർണ്ണയിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചതിനാൽ അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റും, വിശദ പദ്ധതിരേഖയും തയ്യാറാക്കി വരികയാണ്. |
| (ബി) | റോഡ് അലൈൻമെന്റ് സൈറ്റിൽ മാർക്ക് ചെയ്യുന്ന പ്രവൃത്തി എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഭേദഗതി വരുത്തിയ അലൈൻമെന്റും, എസ്റ്റിമേറ്റും, വിശദ പദ്ധതിരേഖയും കിഫ്ബി മുൻപാകെ സമർപ്പിച്ച് അനുമതി ലഭിച്ചശേഷം സൈറ്റിൽ മാർക്ക് ചെയ്യുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സ്ഥലമേറ്റെടുക്കൽ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | പുതുക്കിയ പദ്ധതിരേഖ കിഫ്ബി അംഗീകരിച്ച ശേഷം പുതുക്കിയ അർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതും തുടർന്ന് സ്പെഷ്യൽ തഹസിൽദാർ മുഖേന സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ